# ശംസിയ്യ ആരോപണം കേസ് ഒത്തുതീർപ്പായി

ആന്ത്രോത്ത് ദ്വീപിലെ അസ്സയ്യിദ് ജലാലുദ്ദീൻ ആറ്റക്കോയ തങ്ങൾ, സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ എന്നിവരെയും ശിഷ്യന്മാരേയും ശംസിയ്യ ത്വരീഖത്തുകാരാണെന്ന് ആരോപിച്ചു കൊണ്ട് 'സത്യസരണിയുടെ ചരിത്രസാക്ഷ്യം സമസ്ത 85ാം വാർഷികോപഹാരം 2012' എന്ന ഗ്രന്ഥത്തിൽ ഹസൻ ഫൈസി കരുവാരക്കുണ്ട് എന്നയാൾ എഴുതിയ ലേഖനത്തിനെതിരെ സയ്യിദ് ജലാലുദ്ദീൻ ആറ്റക്കോയ തങ്ങളുടെ മകൻ ഡോക്ടർ സയ്യിദ് ഹസൻ തങ്ങൾ മലപ്പുറം ~~C.J.M~~ J.F.C.M കോടതി മുമ്പാകെ സമർപ്പിച്ച മാനനഷ്ടക്കേസ് ഹസൻ ഫൈസിയുടെയും സമസ്ത മുശാവറ അംഗങ്ങളുൾപ്പെടെയുള്ള 14 പ്രതികളുടെയും നിരുപാധിക മാപ്പപേക്ഷ ന്യായാധിപൻമാർ സ്വീകരിച്ചു കൊണ്ട് ഒത്തുതീർപ്പായി.

മതവിധി പുറപ്പെടുവിക്കാൻ അർഹതയില്ലാത്ത സംഘടനയാണെന്ന് ശംസുൽ ഉലമ പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ള ആന്ത്രോത്തിലെ J.H.S.I എന്ന സംഘടനയുടെ വ്യാജ ഫത്വ ആധാരമാക്കി എഴുതിയ പ്രസ്തുത ലേഖനത്തിൽ പരാമർശിച്ചിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് ലേഖകനും പ്രസാധകരും പരിശോധിക്കുകയും ആയത് തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതാണെന്ന് ബോധ്യപ്പെടുകയും ചെയ്തതിനാൽ ചെമ്പാട്ടിമ്മാട ആറ്റക്കോയ തങ്ങൾക്കും, P.P പൂക്കോയ തങ്ങൾക്കും, കുടുംബങ്ങൾക്കും, അവരുമായി ബന്ധപ്പെട്ടയാളുകൾക്കും ,സംഘടനകൾക്കും മറ്റുമുണ്ടായ വിഷമങ്ങൾക്കും മാനനഷ്ടങ്ങൾക്കും നിർവ്യാജം ഖേദം പ്രകടിപ്പിച്ചുകൊണ്ട് പ്രസ്തുത ലേഖനം നിരുപാധികം പിൻവലിച്ച് രേഖാമൂലം ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോടതിയിൽ മേൽകേസ് രാജിയായതായി തീർപ്പ് കൽപ്പിക്കുകയാണുണ്ടായത്.

ബഹുമാനപ്പെട്ട മലപ്പുറം JFCM കോടതി മുമ്പാകെ

CC 1145 /2014

ഡോ. ഹസ്സൻ തങ്ങൾ - അന്യായം

ഹസ്സൻ ഫൈസി മുതൽപേർ - പ്രതികൾ

മേൽ നമ്പറിൽ അന്യായക്കാരനും, പ്രതികളും കൂടി ബോധിപ്പിക്കുന്ന ഹരജി. U/s. 359 BNSS.

മേൽ നമ്പർ കേസിലെ കാര്യങ്ങൾ ഇതൊന്നിച്ച് ബോധിപ്പിക്കുന്ന ജോയിന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഞങ്ങൾ അന്യായക്കാരനും, പ്രതികളും കൂടി മധ്യസ്ഥന്മാർ മുഖാന്തിരം പറഞ്ഞു തീർന്നതാണ്. മേപ്പടി കേസിൽ ഇനി ഞങ്ങൾക്ക് യാതൊരു പരാതിയുമില്ല. ടി കേസ് മേലിൽ തുടർന്ന് നടത്തേണ്ടതില്ല. ടി കേസ് രാജിയാക്കി ഉത്തരവാകേണ്ടതും അതിന് അപേക്ഷയുള്ളതുമാണ്.

ആയതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ ദയവുണ്ടായി മേൽ നമ്പർ കേസ് രാജിയാക്കണമെന്ന് വണക്കമായി അപേക്ഷിച്ചു കൊള്ളുന്നു.

എന്ന് 2024 ഒക്ടോബർ മാസം 29 ന്

അന്യായക്കാരൻ

പ്രതികൾ

ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി
JUDICIAL FIRST CLASS MAGISTRATE COURT
MALAPPURAM
മലപ്പുറം

TRUE COPY

Junior Superintendent
JFCM Court, Malappuram

സമസ്ത 85-ാം വാർഷികോപഹാരം 2012, സത്യസരണിയുടെ ചരിത്ര സാക്ഷ്യം എന്ന പുസ്തകത്തിൽ ടി ഹസ്സൻ ഫൈസി എഴുതിയ ലേഖനം സംബന്ധിച്ച്. മലപ്പുറം ജെ.എഫ്.സി.എം. കോടതിയിൽ നിലവിലുള്ള CC 1145/2014 നമ്പർ കേസ് കാര്യങ്ങൾ താഴെ പറയുന്ന പ്രകാരം അന്യോന്യം പറഞ്ഞ് തീർന്നിരിക്കുന്നു.

<u>വ്യവസ്ഥകൾ</u>

1. മേൽ പരാമർശങ്ങൾ എഴുതി പരസ്യപ്പെടുത്തിയതിൽ ചെമ്പാട്ടിനോട ആറ്റക്കോയ തങ്ങൾക്കും, പൂക്കോയ തങ്ങൾക്കും, കുടുംബത്തിനും അവരുമായി ബന്ധപ്പെട്ട ആളുകൾക്കും സംഘടനകൾക്കും മറ്റുമുണ്ടായ മാന നഷ്ടത്തിനും അത് മൂലം ഉണ്ടായ വിഷമങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കേസിലെ പ്രതികളായ ഞങ്ങൾ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നു. അതുപോലെ മേൽ പരാമർശങ്ങൾ തെറ്റിദ്ധാരണയിൽ നിന്നും ഉണ്ടായതുമായതിനാൽ മേൽ പരാമർശങ്ങൾ ഒന്നാം പ്രതി നിരുപാധികം പിൻവലിച്ചിരിക്കുന്നു.

2. മേൽ വ്യവസ്ഥകൾ പ്രകാരം മേൽ നമ്പർ കേസ് കാര്യങ്ങൾ ഇന്നേ ദിവസം അദാലത്തിൽ വെച്ച് ഒത്തു തീർന്നിരിക്കുന്നു.

Dated this 29th day of October 2024.

ടി. ഹസ്സൻ ഫൈസി.

Dr. Hassan Thangal P.P.

Counsel for Complainant

for Accd

TRUE COPY

Junior Superintendent
JFCM Court, Malappuram

FIRST CLASS MAGISTRATE COURT
MALAPPURAM
മലപ്പുറം

Form No. 54

**Order of acquittal of accused on compounding offences out of court under section 320(8), Code of Criminal Procedure**

CC 1145/2014

Proceedings of THE COURT OF THE JUDICIAL FIRST CLASS MAGISTRATE, MALAPPURAM.

Present: Shri. Krishnan Unni. U. Judicial First Class Magistrate
Dated : 29th day of October, 2024

District : Malappuram

| | | |
|---|---|---|
| Complainant | : | Dr. Hassan Thangal (MBBS), S/o Sayed Muhammed Jaludheen Aattakoya Thangal Puthiyapura Puthiya Veedu House, Aanthoth, Lakshadweep.<br>(By Adv. Anil .K. Malappuram) |
| Accused | : | A1 Hassan Faisi<br>Eranhipalam Juma Masjid, Eranhipalam Post. Kozhikkode |
| | | A2 Abdu Rahiman Musliyar<br>Darussalam Arabic College, Nandi Post, Kadaloor, Quilandy, Kozhikode. |
| | | A3 K.T M. Basheer Master<br>Panangangara Post, Ramapuram. Malappuram |
| | | A4 M.P. Mustafal Faizy,<br>Kott P.O. Pazhayangadi, Tirur, Malappuram |
| | | A5 G.M Salahudheen Faisi<br>M.K. House, Vallappuzha Post, Pattambi |
| | | A6 P.A Sadique Faisi<br>Sathyadhara Dwaivarika, Islamic University Centre, Kozhikode 2 |
| | | A7 P.P Muhammed Faisi<br>Badariya Arabic College, Kuttaloor Post, Vengara, Malappuram. |
| | | A8 Bahavudheen Muhammed Nadvi<br>Darul Huda Islamic University, Hidaya Nagar, Chemmad P.O., Malappuram |

A9 Pinagode Aboobacker
SamathalayamChelariThenhipalam

A10 Vakkod Moideenkutty Faisi
Darul Najath Islamic CentrePunnakkad
P.O.Karuvarakund

A11 Alavi Faisi
Kolaparamb, Karkkidamkunnu P.O.,
Alanalloor via, Palakkad District.

A12 M.K. Kodasseri Faisi
Markassu, Tharbiyyathil Islamiyya, Karthala
Post, AthavanadValanchery

A13 Hamsa Rahmani
Kondiparamb Post, Perinthalmanna,
Malappuram District.

A14 Faisal Hudabi
Mariyad Post, Pookkottur, Manjeri

A15 Latheef Faisi
Sunni Mahal, Down Hill, Malappuram

(By Adv. Abdul Gafoor Kanneth, Malappuram)

Offence : U/s. 499, 500 IPC.

## ORDER

The offence having been compounded out of Court, the accused persons are acquitted under sub-section (8) of Section 320 Criminal Procedure Code.

| | | |
|---|---|---|
| Section of the code under which punishable | : | U/s. 499, 500 IPC. |
| Date of offence | : | 28.09.2012 |
| Date of Complaint | : | 19.12.2013 |
| Date of appearance | : | 10.03.2015 |
| Date of Order | : | 28.10.2024 |

JUDICIAL FIRST CLASS MAGISTRATE COURT • MALAPPURAM

Judicial First Class Magistrate,
Malappuram.

TRUE COPY
Junior Superintendent
JFCM Court, Malappuram